# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 4848. 27.10.2016 ൽ മറുപടിക്ക്

## സ്കൂളുകളിലെ കമ്പ്യൂട്ടർ ഇൻസ്ട്രക്ടർമാർ

ചോദ്യം
ശ്രീ. പി.ടി.എ.റഹീം

ഉത്തരം
പ്രൊഫ: സി.രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | സ്കൂളുകളിലെ കമ്പ്യൂട്ടർ ഇൻസ്ട്രക്ടർ മാരായി ജോലി ചെയ്തുവരുന്നവർക്ക് വേതനം നൽകിയിരുന്നത് പി.ടി.എ കളായിരുന്നുവെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | എങ്കിൽ ഇവരെ പിരിച്ചു വിടാൻ 26.05.2015-ൽ തീരുമാനിച്ചതിന്റെ കാരണം എന്താണെന്ന് വ്യക്ത മാക്കുമോ; | ബി) | വിവിധ സ്കൂളുകളിൽ P.T.A കൾ സ്വമേധയാ നിയമനം നടത്തിയിരുന്ന കമ്പ്യൂട്ടർ അദ്ധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ ക്രമീകരിക്കുന്നതും സ്ഥിരപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ 'ഒ.എ' ഫയൽ ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ഗവൺമെൻറിന്റെ 25.06.15 തീയതിയിലെ ജി.ഒ .(ആർ.റ്റി) 2553/15 നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചത്. മാത്രവുമല്ലാ വിഷയാധ്യാപകരെയാണ് വിവരവിനിമയ സാങ്കേതിക വിദ്യയുടെ പാഠഭാഗങ്ങൾ വിനിമയം നടത്തുന്നതിനായി ചുമതലപ്പെടുത്തിയിട്ടുള്ളത്. |
| സി) | പി.ടി.എകൾ വേതനം നൽകുന്ന സാഹചര്യത്തിൽ സർക്കാരിന് പ്രത്യേക സാമ്പത്തിക ബാധ്യത യൊന്നും ഇല്ലെന്നിരിക്കെ ഈ വിഷയത്തിൽ സർക്കാർ ഇടപെടാനു ണ്ടായ സാഹചര്യം വിശദമാക്കാമോ? | സി) | സേവന വേതന വ്യവസ്ഥകൾ ക്രമീകരിച്ച് സ്ഥിരപ്പെടുത്തുന്നത് സർക്കാരിന് സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്ന വിഷയം ആകുന്നു. വിഷയാധ്യാപകർ ICT പാഠഭാഗങ്ങളുടെ വിനിമയം നടത്തുന്നതിനാലും ഇത്തരത്തിൽ പാഠ്യപദ്ധതി ക്രമീകരിച്ചിരിക്കുന്നതിനാലും പ്രത്യേക കമ്പ്യൂട്ടർ ഇൻസ്ട്രക്ടർമാരുടെ സേവനം ഇപ്പോൾ സ്കൂളുകളിൽ ആവശ്യമില്ല. |

സെക്ഷൻ ഓഫീസർ